**ഭരണഭാഷാ മാതൃഭാഷ**

നം. ഇ 01/2026/ഡിഡിസിഎവൈ

ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം
(ആയുർവ്വേദം), ആരോഗ്യഭവൻ,
തിരുവനന്തപുരം - 695 001
ഫോൺ: 0471-2335393.
ഇ-മെയിൽ : dcayur@gmail.com
തീയതി: 05/09/2026

**സർക്കുലർ- 06/2026**

സൂചന- ആയുഷ് മന്ത്രാലയത്തിന്റെ കത്ത് നമ്പർ T-11020/3/2020-DCC dated 09.04.2026.

ആയുഷ് മന്ത്രാലയത്തിന്റെ മേൽസൂചന കത്തിലെ നിർദ്ദേശപ്രകാരം, ആയുഷ് ഉൽപ്പന്നങ്ങളുടെ ലൈസൻസിംഗുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ e-Aushadhi Portal മുഖേന ഏകീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി ആയുഷ് മന്ത്രാലയത്തിൽ നിന്നും നൽകിയ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- 31.05.2026 വരെ ബന്ധപ്പെട്ട State Licensing Authority-യിൽ നിലവിലുള്ള സംവിധാനത്തിലൂടെ ലഭിച്ചിട്ടുള്ള ലൈസൻസ് അനുവദിക്കൽ / പുതുക്കൽ / ഭേദഗതി / മറ്റ് റെഗുലേറ്ററി അംഗീകാരങ്ങൾക്കായുള്ള അപേക്ഷകൾ, നിലവിലുള്ള സംസ്ഥാനതല നിയമങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് പ്രോസസ്സ് ചെയ്യാവുന്നതാണ്.

- 01.06.2026 മുതൽ ലഭിക്കുന്ന എല്ലാ പുതിയ അപേക്ഷകളും ലൈസൻസ് അനുവദിക്കൽ, പുതുക്കൽ, ഭേദഗതി എന്നിവ ഉൾപ്പെടെയുള്ള റെഗുലേറ്ററി ആവശ്യങ്ങൾക്കായി e-Aushadhi Portal മുഖേന മാത്രമേ സമർപ്പിക്കാവൂ. സംസ്ഥാനതലത്തിലുള്ള ഓഫ്‌ലൈൻ/State-specific licensing portal മുഖേനയുള്ള പുതിയ അപേക്ഷകൾ ഇനി സ്വീകരിക്കുന്നതല്ല.

- നിലവിലുള്ള/പഴയ ലൈസൻസുകളുമായി ബന്ധപ്പെട്ട Legacy Data e-Aushadhi Portal-ൽ ഉൾപ്പെടുത്തുന്നതിനായി "Legacy Module – Product Addition" എന്ന സൗകര്യം 31.12.2027 വരെ ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ലൈസൻസുടമകൾ ആവശ്യമായ വിവരങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

- e-Aushadhi Portal മുഖേന പുതിയ ലൈസൻസ് നമ്പർ ലഭിക്കുന്ന സാഹചര്യത്തിൽ, പഴയ ലൈസൻസ് നമ്പർ പുതിയ ലൈസൻസ് നമ്പർ ജനറേറ്റ് ചെയ്ത തീയതി മുതൽ ഒരു വർഷത്തേക്ക് സാധുവായിരിക്കും.

ആയതിനാൽ, കേരളത്തിലെ എല്ലാ ആയുർവേദ ഔഷധ നിർമ്മാതാക്കളും / ലൈസൻസുടമകളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുകയും, നിലവിലുള്ള ലൈസൻസുകളുടെയും ഉൽപ്പന്നങ്ങളുടെയും ആവശ്യമായ Legacy Data e-Aushadhi Portal-ൽ സമയബന്ധിതമായി ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

Digitally signed by
Jaya V Dev
Date: 05-09-2026
15:41:53

ഡോ. ജയ. വി. ദേവ്
ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ
(ആയുർവ്വേദം)

1. കേരളത്തിലെ എല്ലാ ആയുർവേദഔഷധനിർമ്മാതാക്കൾക്ക്
2. വെബ് സൈറ്റ്
3. നോട്ടീസ് ബോർഡ്
4. സ്റ്റോക്ക് ഫയൽ